2023
MARCH
27
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN WAYANADAN PRODUCTS
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## നടൻ ഇന്നസെന്റ് അന്തരിച്ചു

**കൊച്ചി:** മലയാള സാംസ്കാരിക രംഗത്തെ ബഹുമുഖ പ്രതിഭയായ ഇന്നസെൻ്റ് അന്തരിച്ചു. 76 വയസായിരുന്നു. നടനും നിർമ്മാതാവും മുൻ ലോക്സഭാ അംഗമായിരുന്നു .

മലയാള ചലച്ചിത്ര താരങ്ങളുടെ സംഘടനായ അമ്മയുടെ പ്രസിഡൻറായി 12 വർഷത്തോളം പ്രവർത്തിച്ചു. 2014ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ചാലക്കുടിയിൽ നിന്ന് എൽഡിഎഫ് സ്വതന്ത്ര സ്ഥാനാർഥിയായി വിജയിച്ചു.

കാൻസർ സംബന്ധിയായ ആരോഗ്യ പ്രശ്നങ്ങൾ മൂലം ഗുരുതരാവസ്ഥയിലായിരുന്നു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെ രാത്രി 10.45നായിരുന്നു അന്ത്യം. ഭാര്യ ആലീസ്, മകൻ സോണറ്റ്.

തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ തെക്കേത്തല വറീത് മാർഗലീത്ത ദമ്പതികളുടെ എട്ടു മക്കളിൽ അഞ്ചാമനായി 1948 ഫെബ്രുവരി 28നാണ് ഇന്നസെൻറ് ജനിച്ചത്. 1972ൽ പുറത്തിറങ്ങിയ നൃത്തശാലയാണ് ആദ്യമായി അഭിനയിച്ച ചിത്രം. വിടപറയും മുൻപേ, ലേഖയുടെ മരണം ഒരു ഫ്ലാഷ്ബാക്ക്, ഓർമ്മക്കായി, തിളക്കങ്ങൾ എന്നീ 4 ചിത്രങ്ങളുടെ നിർമ്മാണ പങ്കാളിയായിരുന്നു. പാവം ഐഎ ഐവാച്ചൻ, കീർത്തനം എന്നീ സിനിമകൾക്ക് കഥയെഴുതി. അഞ്ച് സിനിമകൾക്ക് ഗാനം ആലപിച്ചിട്ടുണ്ട്. 1979ൽ ഇരിങ്ങാലക്കുട നഗരസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

1989 ൽ പുറത്തിറങ്ങിയ റാംജിറാവു സ്പീക്കിങ് എന്ന ചിത്രത്തിലെ മാന്നാർ മത്തായി എന്ന കഥാപാത്രത്തിലൂടെ മുൻനിര നായകന്മാർക്കൊപ്പം തിളങ്ങി. സത്യൻ അന്തിക്കാട്, സിദ്ദിഖ് ലാൽ, പ്രിയദർശൻ, രഞ്ജിത്ത് എന്നിവരുടെ സിനിമകളിലെ സജീവ സാന്നിദ്ധ്യമായിരുന്നു. മികച്ച രണ്ടാമത്തെ നടനുള്ള 1989ലെ പുരസ്കാരം അടക്കം മൂന്ന് സംസ്ഥാന ചലച്ചിത്ര അവാർഡുകൾ നേടിയിട്ടുണ്ട്. മഴവിൽക്കാവടിയിലെ കളരിക്കൽ ശങ്കരൻ കുട്ടി മേനോൻ, ജാതകത്തിലെ ആനയില്ലാത്ത ആനക്കാരൻ എന്നീ കഥാപാത്രങ്ങൾക്കാണ് മികച്ച രണ്ടാമത്തെ നടനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചത്.

2021 ലാണ് നോൺഹോഡ്ജ്കിൻസ് ലിംഫോമ സ്ഥിരീകരിച്ചത്. തുടർന്ന് എയിംസിൽ ഉൾപ്പെടെ ചികിത്സ തേടിയിരുന്നു. അസുഖം ഭേദമായി സിനിമയിൽ സജീവമായ ശേഷം ഇക്കൊല്ലം വീണ്ടും ആരോഗ്യനില വഷളാവുകയായിരുന്നു.

# ബ്രഹ്മപുരത്ത് വീണ്ടും തീപിടിത്തം

## അട്ടിമറി എന്ന് സംശയം

**കൊച്ചി:** എറണാകുളം ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ വീണ്ടുമുണ്ടായ തീപിടിത്തം നിയന്ത്രണ വിധേയം. സെക്ടർ ഏഴിലെ മാലിന്യക്കൂമ്പാരത്തിനാണ് തീപിടിച്ചതെന്ന് എറണാകുളം കലക്ടർ എൻ.എസ്.കെ.ഉമേഷ് അറിയിച്ചു. ബ്രഹ്മപുരത്ത് തുടർന്നിരുന്ന അഗ്നിരക്ഷാസേനയുടെ യൂണിറ്റുകൾക്കു പുറമേ കൂടുതൽ യൂണിറ്റുകൾ സ്ഥലത്തെത്തി തീ പൂർണമായി അണയ്ക്കാനുള്ള ശ്രമം തുടരുകയാണ്. പ്രദേശത്ത് വ്യാപകമായി പുക നിറഞ്ഞിട്ടുണ്ട്.



കൂനയായി കിടക്കുന്ന മാലിന്യം ഇളക്കിയിട്ട് തീയണയ്ക്കാനാണ് ശ്രമിക്കുന്നത്. തീപിടിച്ച പ്രദേശത്തെ മാലിന്യം മണ്ണുമാന്തി ഉപയോഗിച്ച് ഇളക്കി നനച്ചാണ് അണയ്ക്കാനുള്ള ശ്രമം. പ്ലാസ്റ്റിക്ക് കൂട്ടിയിട്ടിരുന്നതിൽ നിന്നുമാണ് തീ കത്തിയതെന്നാണ് നിഗമനം.

അതേസമയം, ബ്രഹ്മപുരത്തെ തീപിടിത്തം നിയന്ത്രണവിധേയമാണെന്ന് കലക്ടർ എൻ.എസ്.കെ. ഉമേഷ് അറിയിച്ചു. തീ നിയന്ത്രണ വിധേയമാണെന്ന് അഗ്നിരക്ഷാ വിഭാഗം അറിയിച്ചിട്ടുണ്ട്.

## പുതിയ ഉൽപന്നങ്ങളുമായി മലബാർ സിമന്റ്സ്

**പാലക്കാട് :** നിർമാണമേഖലയുടെ ആവശ്യമനുസരിച്ചു മലബാർ സിമന്റ്സ് പ്ലാസ്റ്ററിങ് മിക്സും സിമന്റ് കട്ടകൾ നിർമിക്കാനുള്ള വൺഡേ സ്ട്രെങ്ത് സിമന്റും വിപണിയിലിറക്കുന്നു. കെട്ടിടങ്ങൾക്കുള്ള പ്ലാസ്റ്റർ, ഡ്രൈമിക്സ് എന്ന പേരിൽ അടുത്ത ദിവസം കെ!ാച്ചിയിൽ മന്ത്രി പി.രാജീവ് വിപണിയിലിറക്കും.

സിമന്റും മണലും നിശ്ചിത അളവിൽ ചേർത്താണു സാധാരണ പ്ലാസ്റ്ററിങ് (തേപ്പ്) ചെയ്യുന്നത്. മണൽക്ഷാമം രൂക്ഷമായതിനാൽ പാറപ്പൊടിയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഗുണമുള്ള പാറപ്പൊടി ലഭിക്കാത്തതിൽ പ്ലാസ്റ്ററിങ് പലപ്പേ!ാഴും ദിവസങ്ങൾക്കുള്ളിൽ തകരാറിലാകുന്ന സ്ഥിതിയുണ്ട്. ഗുണമേന്മയുള്ള മണൽ സംസ്കരിച്ച്, ഈർപ്പം പൂർണമായി നീക്കി, കൃത്യമായ അളവിൽ സിമന്റ് കലർന്നുവെന്ന് യന്ത്രപരിശേ!ാധനയിൽ ഉറപ്പുവരുത്തിയാണു ഡ്രൈമിക്സ് ഉൽപാദിപ്പിക്കുന്നതെന്നു മലബാർ സിമന്റ്സ് അധികൃതർ അറിയിച്ചു. ആവശ്യത്തിനു വെള്ളം ചേർത്താൽ എളുപ്പത്തിൽ തേപ്പുപണി നടത്താം. 40 കിലോഗ്രാം ബാഗിന് 550 രൂപയാണു വില. ഒരു ബാഗ് കെ!ാണ്ടു 17 ചതുരശ്രയടി തേപ്പു നടത്താം.



## എച്ച്‌യുഐഡി: 6 മാസം നീട്ടിവയ്ക്കണമെന്ന് സ്വർണവ്യാപാരികൾ

**ന്യൂഡൽഹി:** സ്വർണാഭരണങ്ങളിൽ എച്ച്‌യുഐഡി (ഹാൾമാർക്ക് യുണീക് ഐഡന്റിഫിക്കേഷൻ) മുദ്ര നിർബന്ധമാക്കുന്നത് 6 മാസം നീട്ടിവയ്ക്കണമെന്ന് കേരളത്തിൽ നിന്നടക്കമുള്ള സ്വർണവ്യാപാര സംഘടനകൾ സർക്കാരിനോട് ആവശ്യപ്പെട്ടു. ഉപഭോക്തൃകാര്യ മന്ത്രാലയം ഹാൾമാർക്കിങ്ങുമായി ബന്ധപ്പെട്ട് നടത്തിയ അവലോകന യോഗത്തിലാണ് അഭിപ്രായം ഉയർന്നത്. ഏപ്രിൽ ഒന്നിനാണ് പുതിയ ഹാൾമാർക്കിങ് നിർബന്ധമാക്കുന്നത്.

ഭൂരിഭാഗം വ്യാപാരികൾക്കും പ്രയാസം നേരിടേണ്ടി വരില്ലെന്ന് ഉപഭോക്തൃകാര്യ മന്ത്രാലയ സെക്രട്ടറി രോഹിത് കുമാർ സിങ് ഉറപ്പുനൽകി. ഒരാഭരണത്തിൽ നിന്ന് പഴയ 4 ഹാൾമാർക്കിങ് മുദ്രകൾ മായ്ച്ചുകളയുമ്പോൾ 2 മുതൽ 5 മില്ലിഗ്രാം വരെ സ്വർണം നഷ്ടപ്പെടുമെന്നും ഇത് ലക്ഷക്കണക്കിന് ആഭരണങ്ങളിലാകുമ്പോൾ വ്യാപാരികൾക്കു വലിയ നഷ്ടമുണ്ടാകുമെന്നും കേരളത്തിൽ നിന്നുള്ള വ്യാപാര സംഘടനാ പ്രതിനിധികൾ ചൂണ്ടിക്കാട്ടി.

പഴയ സ്റ്റോക്ക് ഇനിയും വിറ്റുതീരാനുള്ളതിനാൽ ഏപ്രിൽ 1 എന്ന തീയതി പ്രായോഗികമല്ലെന്നും സംഘടനകൾ പറഞ്ഞു. ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ സംസ്ഥാന ട്രഷറർ എസ്.അബ്ദുൽ നാസർ, വൈസ് പ്രസിഡന്റ് ബി.പ്രേമാനന്ദൻ എന്നിവരും യോഗത്തിൽ പങ്കെടുത്തു. കേന്ദ്ര മന്ത്രി പീയുഷ് ഗോയലിനും ഇതു സംബന്ധിച്ച നിവേദനം നൽകിയിട്ടുണ്ട്.



# ജി20, ലോകശ്രദ്ധയിലേക്ക് കുമരകം: 1,300 പൊലീസുകാർ കാവലൊരുക്കും

**കോട്ടയം:** കരുത്തുറ്റ ലോകരാജ്യങ്ങളുടെ സംഗമവേദിയായി കുമരകമെന്ന കൊച്ചുഗ്രാമം മാറുമ്പോൾ കേരളത്തിന്റെ ആകെ വികസനത്തിനു കാരണമാകുമെന്ന് നിഗമനം. ടൂറിസം രംഗത്തെ കുതിച്ചുചാട്ടത്തിലേക്കും സമ്പദ്ഘടനയുടെ വളർച്ചയിലേക്കും ജി20 ഉച്ചകോടി ഉദ്യോഗസ്ഥ സമ്മേളനം സംസ്ഥാനത്തെ കൈപിടിച്ച് നയിക്കും. ജി20 ഉച്ചകോടി ഉദ്യോഗസ്ഥ സമ്മേളനം നടക്കുന്ന കുമരകം കെടിഡിസി റിസോർട്ടും പരിസരവും അടിമുടി ഒരുങ്ങുകയാണ്.

ലോകത്തിലെ ഏറ്റവും കരുത്തരായ രാജ്യങ്ങളുടെ കൂട്ടായ്മയാണ് ജി20. പേരിൽ ഇരുപതെങ്കിലും അതിലുമധികം രാജ്യങ്ങൾ ഇതിലുണ്ട്. അതായത് 19 രാജ്യങ്ങളും യൂറോപ്യൻ യൂണിയനും ചേരുന്നതാണ് ജി20. ചുരുക്കിപ്പറഞ്ഞാൽ ലോക ജനസംഖ്യയുടെ 65% ഈ രാജ്യങ്ങളിലാണ്. ലോക ജിഡിപിയുടെ 85 ശതമാനത്തോളം കൈവശമുള്ളവരാണ് ഇവർ. അതുകൊണ്ടു തന്നെ ജി20 ഗ്രൂപ്പിന്റെ തീരുമാനങ്ങൾ ലോകത്തിന്റെ ഭാവി നിർണയിക്കുന്നതിൽ നിർണായകമാണ്.

ഉദ്യോഗസ്ഥ സംഗമം നടക്കുന്ന ദിവസങ്ങളിൽ 1,300 പൊലീസ് ഉദ്യോഗസ്ഥർ കുമരകത്തിന് കാവലൊരുക്കും. 6 എസ്പിമാർ സുരക്ഷയ്ക്ക് നേതൃത്വം നൽകും. വേമ്പനാട് കായലും പരിസരവും അതീവ സുരക്ഷയുടെ കീഴിലായിരിക്കുമെന്ന് ജില്ലാ പൊലീസ് മേധാവി കെ.കാർത്തിക് പറഞ്ഞു. കുമരകവും പരിസരവും റെഡ് സോണിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 9 മുതൽ ഏപ്രിൽ 10 വരെ പ്രദേശത്ത് ഡ്രോൺ പറത്തുന്നതിനു നിരോധനം ഏർപ്പെടുത്തി. ഡ്രോണുകൾ, റിമോട്ട് കൺട്രോൾഡ് എയർക്രാഫ്റ്റ്, മറ്റ് എയർ ബലൂണുകൾ എന്നിവയും ഈ പരിധിയിൽ വരും.

സെഡ് പ്ലസ് കാറ്റഗറിയിലുള്ള 120 പ്രതിനിധികളാണു സമ്മേളനത്തിൽ പങ്കെടുക്കുന്നത്. അതിതീവ്ര സുരക്ഷാ വിഭാഗത്തിലുള്ള വരാണിവർ. പ്രതിനിധികൾ താമസിക്കുന്ന ഇടങ്ങളിലുമുള്ള ജീവനക്കാരുടെ ചുറ്റുപാടുകൾ പൊലീസ് പരിശോധിക്കും.ജീവനക്കാരുടെ വീടുകളിലെത്തി ക്രിമിനൽ പശ്ചാത്തലമില്ലെന്ന് പൊലീസ് ഉറപ്പാക്കിയ ശേഷമേ ജോലിക്കും സേവനങ്ങൾക്കുമായി ഇവരെ തിരഞ്ഞെടുക്കൂ.



പൂർണമായും പരിസ്ഥിതി സൗഹൃദമായിരിക്കണം ഉച്ചകോടിയെന്ന നിർദേശം ഉദ്യോഗസ്ഥർക്ക് ലഭിച്ചിട്ടുണ്ട്. മുളയും ചാക്കും കയർകൊട്ടകളും ഉപയോഗിച്ചാണ് റിസോർട്ടും കൺവൻഷൻ സെന്ററും പരിസരവും ഒരുക്കിയത്. അതിഥികൾക്ക് ചില്ലു കുപ്പിയിലും കുപ്പി, പേപ്പർ ഗ്ലാസുകളിലുമായാണ് ജലവിതരണം. വെൽക്കം ഡ്രിങ്ക് നൽകാൻ ചിരട്ടകൊണ്ടുള്ള ഗ്ലാസ് എത്തിച്ചു. ഭരണിയിലും ചില്ലുപാത്രത്തിലുമായാണ് ആഹാര വിതരണം ചെയ്യുന്നത്. പുനരുപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ മാത്രമാണ് മോടിപിടിപ്പിക്കാനും മറ്റും ഉപയോഗിക്കുന്നത്. പൂർണമായും പ്ലാസ്റ്റിക് രഹിതമായാണ് പ്രതിനിധി സമ്മേളനം നടത്തുക.

തണ്ണീർമുക്കം ബണ്ട് മുതൽ കുമരകം വരെയുള്ള റോഡരികിലെ കാടു വൃത്തിയാക്കുന്നതും കരിയിലകൾ അടിച്ചുവാരുന്നതുമായ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. തൊഴിലുറപ്പുജീവനക്കാർ ഞായറാഴ്ചകളിൽ ജോലി ചെയ്താണ് റോഡ് വൃത്തിയാക്കുന്നത്. ഇതേസമയം അഞ്ചുമനപ്പാലത്തിൽ ഫ്ലെക്സ് വയ്ക്കുന്നത് 75% പൂർത്തിയായി.

## വേനൽച്ചൂടിൽ തിളച്ച് തിരുവനന്തപുരം ജില്ല; താപനില 40.4 ഡിഗ്രി സെൽഷ്യസ്

**തിരുവനന്തപുരം:** വേനൽച്ചൂടിൽ തിളച്ച് തിരുവനന്തപുരം ജില്ല. ഇന്നലെ സംസ്ഥാനത്തെ ഏറ്റവും കൂടിയ പകൽ താപനില 40.4 ഡിഗ്രി സെൽഷ്യസ് ഇന്നലെ നെയ്യാറ്റിൻകരയിലെ ഓട്ടമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തി. വെള്ളിയാഴ്ച 37.8 ഡിഗ്രിയായിരുന്ന നെയ്യാറ്റിൻകരയിലെ പകൽ താപനിലയാണ് 40 കടന്നു കുതിച്ചത്. നെയ്യാറ്റിൻകര കഴിഞ്ഞാൽ കണ്ണൂർ ജില്ലയിലെ വിവിധ സ്ഥലങ്ങളിലാണ് സംസ്ഥാനത്ത് കൂടിയ ചൂട്; 38.4 ഡിഗ്രി. തിരുവനന്തപുരം ജില്ലയിലെ മറ്റു സ്ഥലങ്ങളിൽ എല്ലാം 35 ഡിഗ്രിക്കു മുകളിലാണു പകൽ താപനില. മിക്ക സ്ഥലങ്ങളിലും വെള്ളിയാഴ്ചത്തെ അപേക്ഷിച്ച് ഇന്നലെ ചൂട് വർധിച്ചു.

ഓട്ടമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന താപനില കാലാവസ്ഥ വകുപ്പിന്റെ ഔദ്യോഗിക കണക്കുകളിൽ ഉൾപ്പെടുത്താറില്ല. മുൻ വർഷങ്ങളിലെ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ താരതമ്യം ചെയ്ത് വിലയിരുത്താൻ സാധിക്കാത്തതും ഓട്ടമാറ്റിക് വെതർ സ്റ്റേഷനുകളെ പൂർണമായി ശാസ്ത്രീയമായി കണക്കാക്കാനാവില്ല എന്ന വിദഗ്ധ അഭിപ്രായവുമാണു കാരണം. അതേസമയം, സംസ്ഥാനത്ത് വേനൽമഴ പെയ്തു തുടങ്ങിയെങ്കിലും ജില്ലയിൽ പതിവിലേറെ കുറവ് മഴയാണു ഈ മാസം ലഭിച്ചതെന്നു കാലാവസ്ഥ വകുപ്പിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

പെയ്തതിൽ ഏറെയും ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിലായിരുന്നു. കാസർകോട്, കോഴിക്കോട്, മലപ്പുറം, തൃശൂർ ജില്ലകളിലും ഇതേ സ്ഥിതിയാണ്. കണ്ണൂർ ജില്ലയിൽ മഴ പെയ്തിട്ടില്ല. വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ മഴയ്ക്കു സാധ്യത ഉണ്ടെന്നാണു കാലാവസ്ഥ പ്രവചനം.

## ഒളിംപ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയം ഉദ്ഘാടനം ഓഗസ്റ്റിൽ

**കൊല്ലം:** കന്റോൺമെന്റ് മൈതാനത്ത് ഒളിംപ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയം നിർമാണം അവസാന ഘട്ടത്തിലേക്കു കടന്നു. ഓഗസ്റ്റിൽ സ്റ്റേഡിയം ഉദ്ഘാടനം ചെയ്യാൻ കഴിയുന്ന വിധത്തിലാണു നിർമാണം പുരോഗമിക്കുന്നത്. 2,000 പേർക്കുള്ള ഇരിപ്പിടം ഗാലറിയിലുണ്ട്. 70 മീറ്റർ നീളമുള്ള കോർട്ടിൽ 21 ഇനങ്ങളിൽ മത്സരം നടത്താവുന്ന രീതിയിലാണ് നിർമാണം.

പലക കൊണ്ടാണു കോർട്ട് നിർമാണം. 21 മുറികൾ സ്റ്റേഡിയത്തിലുണ്ട്. മേൽക്കൂരയുടെ നിർമാണമാണ് ഇപ്പോൾ നടക്കുന്നത്. 75% പണി പൂർത്തിയായി. 43 കോടി രൂപയാണ് അടങ്കൽ തുകയെങ്കിലും പണി പൂർത്തിയാകുമ്പോൾ ഇതു വർധിക്കും. സ്പോർട്സ് ഡയറക്ടറേറ്റ് ആണ് നിർമാണം നടത്തുന്നത്. ഗെയിംസ് ഇനങ്ങൾ മാത്രമല്ല, വിവാഹം ഉൾപ്പെടെയുള്ള ചടങ്ങുകൾക്കും സ്റ്റേഡിയം വിനിയോഗിക്കാൻ കഴിയും.

പണി പൂർത്തിയാകുമ്പോ!ൾ മേൽനോട്ടത്തിനു പ്രത്യേക സമിതി രൂപീകരിക്കാൻ ആലോചനയുണ്ട്. സ്പോർട്സ് കൗൺസിൽ പ്രതിനിധികൾ, സ്പോർട്സ് ഡയറക്ടറേറ്റിൽ നിന്നുള്ള പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയായിരിക്കും സമിതി രൂപീകരിക്കുന്നത്. ഇൻഡോർ സ്റ്റേഡിയം പൂർത്തിയാകുന്നതോടെ ഗെയിംസിന്റെ പ്രധാന മത്സരങ്ങളുടെ വേദിയായി മാറും. ഒളിംപ്യൻ സുരേഷ് ബാബുവിനു ജന്മനാട്ടിലുള്ള സ്മാരകമായും മാറും. ഒളിംപ്യൻ സുരേഷ് ബാബുവിന്റെ പേരിൽ ഒരു റോഡ് ഇപ്പോൾ നഗരത്തിൽ ഉള്ളതിനു പുറമേയാണ് ഈ സ്മാരകം.



## ശബരിമല വിമാനത്താവളം സർവേ നടത്താൻ നോട്ടിസ് പതിച്ചു

**എരുമേലി:** നിർദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ നിർമാണത്തിനു മുന്നോടിയായി ചെറുവള്ളി എസ്റ്റേറ്റ് വളപ്പിൽ സർവേ നടത്താൻ റവന്യൂ വകുപ്പ് നോട്ടിസ് പതിച്ചു. എസ്റ്റേറ്റിന്റെ കവാടമായ മുക്കടയിലെ എസ്റ്റേറ്റ് ഷെഡ്ഡിലാണു നോട്ടിസ് പതിച്ചത്. എരുമേലി തെക്ക് വില്ലേജ്, മണിമല വില്ലേജ് എന്നിവിടങ്ങളിലെ 19, 20, 21, 22, 23 ബ്ലോക്കുകളിൽ ഉൾപ്പെട്ട 1039.876 ഹെക്ടർ ഭൂമിയിലാണു സർവേ നടത്തുന്നത്.

സർവേ നടത്തുന്ന എസ്റ്റേറ്റ് വസ്തുവിന്റെയും അതിനോടു ചേർന്നുള്ള വസ്തുക്കളുടെയും നിയമപരമായുള്ള അവകാശികളോ അവകാശികൾ ചുമതലപ്പെടുത്തുന്നവരോ സർവേ സമയത്തു ഹാജരായി അതിർത്തികൾ കാണിച്ചു കൊടുക്കുകയും വിവരങ്ങൾ കൈമാറുകയും ചെയ്യണമെന്നാണു നോട്ടിസിൽ പറയുന്നത്. ഭൂമിയിൽ അവകാശത്തർക്കമുള്ളവരും ഹാജരാകണം. ഭൂവുടമകൾ തന്നെ സർവേ സമയത്തു ചെയിൻമാനെയും മറ്റും സഹായിക്കണം. ആവശ്യമായ തൊഴിലാളികളെ ഏർപ്പാടാക്കുകയും വേണം. വീഴ്ച വരുത്തിയാൽ തൊഴിലാളികളെ ഉപയോഗിച്ചു ജോലികൾ പൂർത്തിയാക്കുന്നതിന്റെ ചെലവു സ്ഥലമുടമകളിൽ നിന്ന് ഈടാക്കുമെന്നും നോട്ടിസിൽ വ്യക്തമാക്കുന്നു.

## ഇരവികുളം ദേശീയോദ്യാനം ഏപ്രിൽ ഒന്നിനു തുറക്കും

മൂന്നാർ: വരയാടുകളുടെ പ്രസവകാലത്തെത്തുടർന്ന് അടച്ചിട്ടിരുന്ന രാജമല ഇരവികുളം ദേശീയോദ്യാനം 2 മാസത്തെ ഇടവേളയ്ക്കു ശേഷം ഏപ്രിൽ ഒന്നിനു തുറക്കും. ഫെബ്രുവരി ഒന്നിനാണ് ഉദ്യാനം അടച്ചത്. ഉദ്യാനം അടച്ചതോടെ രാജമലയിലേക്കുള്ള പ്രവേശനം നിരോധിച്ചിരുന്നു. ഈ സീസണിൽ ഇതുവരെ 102 വരയാടിൻ കുഞ്ഞുങ്ങളാണു രാജമലയിൽ പിറന്നത്.

ഇടവേളയ്ക്കുശേഷം സഞ്ചാരികൾക്കായി തുറക്കുന്ന രാജമലയിൽ പുതിയ കഫറ്റേരിയ, സെൽഫി പോയിന്റ് എന്നിവ ഒരുക്കിയിട്ടുണ്ട്. അഞ്ചാംമൈലിൽ പുതുതായി സ്ഥാപിക്കുന്ന പന്നൽച്ചെടി ശേഖരത്തിന്റെ നിർമാണം അവസാനഘട്ടത്തിലാണ്.



# ഒരു വർഷത്തിൽ 1000 ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയകൾ

### ചരിത്രമെഴുതി കോട്ടയം മെഡിക്കൽ കോളജ്



**ഗാന്ധിനഗർ:** എച്ച്ഡിഎസ് പദ്ധതി പ്രകാരം ഒരു വർഷം കൊണ്ട് 1000 ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയകൾ പൂർത്തിയാക്കി കോട്ടയം മെഡിക്കൽ കോളജ്. സംസ്ഥാനത്ത് ആദ്യമായാണു പദ്ധതി പ്രകാരം ചുരുങ്ങിയ കാലയളവിൽ ഒരു ആശുപത്രി 1000 ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയകൾ പൂർത്തിയാക്കുന്നത്. കഴിഞ്ഞ മാർച്ചിലാണു പദ്ധതി ആരംഭിച്ചത്. പൂർണമായും ആശുപത്രി വികസന സമിതിയുടെ നിയന്ത്രണത്തിലാണു പദ്ധതി. ലാപ്രോസ്കോപ്പിക് സർജറിയിൽ പ്രത്യേക പരിശീലനം നേടിയ കോട്ടയം മെഡിക്കൽ കോളജിലെ നിലവിലുള്ള സർജൻമാരുടെ നേതൃത്വത്തിൽ അനസ്തീസ്യോളജിസ്റ്റുമാർ, നഴ്സുമാർ, മറ്റ് അനുബന്ധ ജീവനക്കാർ എന്നിവരുടെ സഹായത്തോടെ സങ്കീർണമായ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തീകരിച്ചത്.

ഹെർണിയ, നെഞ്ചിലും അടി വയറ്റിലും ആഴത്തിലുള്ള മുഴകൾ, അന്നനാളം ആമാശയം എന്നിവയിലെ കാൻസർ നീക്കം ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ പൂർത്തീകരിച്ചു.ജീവനക്കാരുടെ അർപ്പണബോധവും അധികാരികളുടെ സഹകരണവും കൊണ്ടാണു നേട്ടം കൈവരിക്കാൻ കഴിഞ്ഞതെന്നു ജനറൽ സർജറി മേധാവി ഡോ. വി.അനിൽകുമാർ, സൂപ്രണ്ട് ഡോ.ടി.കെ. ജയകുമാർ, പ്രിൻസിപ്പൽ ഡോ. എസ്. ശങ്കർ എന്നിവർ പറഞ്ഞു.

രോഗിയുടെ ശരീരത്തിൽ ചെറിയ മുറിവുകളിലൂടെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സങ്കീർണ ശസ്ത്രക്രിയാ രീതിയാണു ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയ. പരമ്പരാഗത ശസ്ത്രക്രിയയുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ സുരക്ഷിതവും വേദന ഇല്ലാത്തതുമായ ചികിത്സാ രീതിയാണ്. രോഗത്തിന്റെ അവസ്ഥയ്ക്ക് അനുസരിച്ച് 20,000 മുതൽ 3 ലക്ഷം രൂപ വരെ ചെലവു വരാവുന്ന ശസ്ത്രക്രിയകൾ ആണിത്.

സർക്കാരിന്റെ വിവിധ ആരോഗ്യസുരക്ഷാ പദ്ധതിയിൽപെടുത്തി സൗജന്യമായാണു മെഡിക്കൽ കോളജ് ആശുപത്രിയിൽ നടത്തുന്നത്.




## മൂന്നാർ ഹരിത ചെക്പോസ്റ്റ് ഏപ്രിൽ 1 മുതൽ

**മൂന്നാർ:** ആറുമാസമായി പ്രവർത്തനമാരംഭിക്കാതെ അടച്ചിട്ടിരുന്ന പഴയ മൂന്നാറിലെ ഹരിത ചെക്പോസ്റ്റ് ഏപ്രിൽ ഒന്നു മുതൽ പ്രവർത്തിക്കാൻ തീരുമാനം. കഴിഞ്ഞ ദിവസം നടന്ന പഞ്ചായത്ത് ഭരണസമിതിയാണ് ഇതുസംബന്ധിച്ച് തീരുമാനമെടുത്തത്. ഹരിത കർമസേനാംഗങ്ങളുടെ നേതൃത്വത്തിലായിരിക്കും ചെക്പോസ്റ്റിന്റെ പ്രവർത്തനം. ആദ്യഘട്ടത്തിൽ പകൽ സമയങ്ങളിൽ മാത്രമാണ് പ്രവർത്തനം. മൂന്നാറിന്റെ പ്രധാന പ്രവേശന കവാടമായ പഴയ മൂന്നാർ വഴി എത്തുന്നതും മടങ്ങുന്നതുമായ വാഹനങ്ങളിലെ യാത്രക്കാരിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഹരിത കർമസേനാംഗങ്ങൾ വാഹനങ്ങൾ തടഞ്ഞ് നിർത്തി ശേഖരിക്കും. കടന്നു പോകുന്ന ഓരോ വാഹനത്തിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന തുക ഈടാക്കാനുമാണ് തീരുമാനം.

യാത്രക്കാർ മാലിന്യങ്ങൾ പൊതുയിടങ്ങളിൽ വലിച്ചെറിയുന്നത് തടഞ്ഞ് മൂന്നാറിന്റെ സൗന്ദര്യം നിലനിർത്തുകയാണ് ഹരിത ചെക്പോസ്റ്റുകൊണ്ട് ലക്ഷ്യമിടുന്നത്. 20 രൂപയാണ് ഓരോ വാഹനത്തിൽ നിന്നും ഈടാക്കുന്നത്. മാലിന്യങ്ങൾ വലിച്ചെറിയുന്നത് സംബന്ധിച്ച ബോധവൽക്കരണ നോട്ടിസും ഓരോ വാഹനത്തിലുള്ളവർക്കും വിതരണം ചെയ്യും. യുഎൻഡിപിയുടെ സാമ്പത്തിക സഹായത്തോടെ ആറു മാസം മുൻപ് നിർമാണം പൂർത്തിയാക്കി. മൂന്നാറിലെത്തുന്ന സഞ്ചാരികൾ ടാക്സി വാഹനങ്ങളിൽ നിന്നും മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടഞ്ഞ്, ഇവ ശേഖരിച്ച് തരം തിരിച്ച് ഹരിത ചെക് പോസ്റ്റിൽ ഏൽപ്പിക്കുന്ന ഡ്രൈവർക്ക് സമ്മാന കൂപ്പൺ നൽകും. മാസാവസാനം നടക്കുന്ന നറുക്കെടുപ്പിൽ 3000 രൂപ സമ്മാനം നൽകുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് പ്രവീണ രവി, സെക്രട്ടറി കെ.എൻ.സഹജൻ എന്നിവർ പറഞ്ഞു.

## ആഞ്ഞടിച്ചു മിന്നൽ ചുഴലി, വ്യാപകനാശം




**മറ്റത്തൂർ:** മറ്റത്തൂർ പഞ്ചായത്തിലെ 7, 9,12,13,14 വാർഡുകളിൽ ആഞ്ഞടിച്ച മിന്നൽ ചുഴലിയിൽ നശിച്ചത് പതിനായിരത്തോളം നേന്ത്ര വാഴകൾ. കോപ്ളിപ്പാടം കരുമത്തിങ്കൽ രാധ ശശിയുടെ 400 വാഴകളിൽ 6 എണ്ണം ഒഴികെ എല്ലാം കാറ്റിൽ നിലം പൊത്തി. രോഗിയായ ഭർത്താവിനെ ചികിത്സിക്കുന്നതിനും, മക്കളുടെ പഠനത്തിനുമായി കരുതിയ തന്റെ സ്വപ്ന മാണ് കാറ്റിൽ നിലം പൊത്തിയതെന്ന് രാധ പറഞ്ഞു.

2018 ൽ വാഴകൾ നശിച്ച ഞാറേക്കാടൻ മോളി ഡേവിസിന് കഴിഞ്ഞ ആഴ്ചയാണ് നഷ്ടപരിഹാര തുക മുഴുവനായും ലഭിച്ചത്. റിട്ടയേർഡ് ഉദ്യോഗസ്ഥനും കർഷകനുമായ പേഴേരിൽ ഉണ്ണികൃഷ്ണന്റെ 250 വാഴകളും ഒടിഞ്ഞു വീണു. ഒട്ടേറെ വീടുകളുടെ ഷീറ്റുകളും പറന്നു പോയി.

പഞ്ചായത്തിലെ മാരാങ്കോട് ഭാഗത്തു കാറ്റിലും മഴയിലും 3000ലധികം വാഴകൾ നശിച്ചു. ചില്ലായി വർഗീസിന്റെ വാഴത്തോട്ടമാണ് നശിച്ചത്.പ്രദേശത്ത് വൈദ്യുത പോസ്റ്റുകളും മരങ്ങളും ഒടിഞ്ഞു വീണു. വൈദ്യുത ലൈനുകളും പൊട്ടി. പല ഭാഗത്തും വൈദ്യുതി നിലച്ചു. ലക്ഷക്കണക്കിനു രൂപയുടെ നഷ്ടമാണ് മേഖലയിലുണ്ടായത്.

കൃഷി നശിച്ചവർ നഷ്ടപരിഹാരത്തിനായി സംസ്ഥാ www.aims.kerala.gov.in മുഖേന അപക്ഷേ സമർപ്പിക്കണം . എയിംസ് എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും അപേക്ഷിക്കാം. ഇതുവരെ റജിസ്റ്റർ ചെയ്യാത്ത കർഷകർ ആദ്യം കർഷകറജിസ്ട്രേഷൻ നടത്തണം. കാർഷിക വിളകൾ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം ഇൻഷുർ ചെയ്തിട്ടുള്ള കർഷകർ കൃഷി നശിച്ചാൽ 15 ദിവസത്തിനകം അപേക്ഷിക്കേണ്ടതാണ് .

വിളകൾ ഇൻഷുർ ചെയ്യാത്ത കർഷകർ കൃഷി നശിച്ച് 10 ദിവസത്തിനകം എയിംസ് പോർട്ടലിലൂടെ അപേക്ഷിക്കണം .എയിംസ് വെബ് പോർട്ടലിൽ കർഷകർക്ക് സ്വന്തമായും അപേക്ഷിക്കാം. മറ്റത്തൂർ പഞ്ചായത്തിൽ മിന്നൽ ചുഴലിയിലുണ്ടായ വൻ കൃഷി നാശത്തിന് ഉടൻ നഷ്ട പരിഹാരം അനുവദിക്കണമെന്നു കർഷക കോൺഗ്രസ് ജില്ലാ സെക്രട്ടറി ഗോപാലകൃഷ്ണൻ മാടപ്പാട്ട് ആവശ്യപ്പെട്ടു. വെള്ളികുളങ്ങര, കുറിഞ്ഞിപ്പാടം, കൊടുങ്ങ, അമ്പനോളി, കോപ്ളിപ്പാടം, കടമ്പോട്, മോനോടി, കിഴക്കേ കോടാലി തുടങ്ങിയ സ്ഥലങ്ങളിലെ ആയിരകണക്കിന് വാഴ, ജാതി, തെങ്ങ്, കവുങ്ങ്, റബർ എന്നിവയും ഒടിഞ്ഞു വീണു.



# രണ്ടാം മുഖവുമായി മറീന മൈക്കിൾ

## നല്ല കഥാപാത്രങ്ങൾ തനിക്ക് ആത്മവിശ്വാസം തരുന്നുവെന്ന് താരം

അഭിനയിക്കുന്ന ചിത്രങ്ങളിലെ കഥാപാത്രങ്ങളുടെ കരുത്ത് തനിക്ക് ആത്മവിശ്വാസം നൽകുകയാണെന്ന് നടിയും മോഡലുമായ മറീന മൈക്കിൾ കുരിശിങ്കൽ. തനി നാടൻ കഥാപാത്രമായി ചുരുക്കം ചില ചിത്രങ്ങളിലൂടെയാണ് ഞാൻ പ്രേക്ഷകരുടെ മുന്നിൽ എത്തിയിട്ടുള്ളത്. നല്ല കഥാപാത്രങ്ങൾ കിട്ടുന്നതിലൂടെ വ്യക്തിപരമായി ഏറെ സന്തോഷവും ആത്മവിശ്വാസവും ലഭിക്കുന്നുണ്ടെന്നും താരം പറഞ്ഞു. രണ്ടാം മുഖം എന്ന പുതിയ ചിത്രത്തിലെ ഏറെ ശ്രദ്ധേയമായ ഒരു കഥാപാത്രമാണ് സുനിതയെന്നും മറീന പറഞ്ഞു. വളരെ അപ്രതീക്ഷിതമായാണ് രണ്ടാംമുഖത്തിലേക്കെത്തുന്നത്. ഇതുവരെ ചെയ്തതിൽ നിന്ന് ഏറെ പുതുമയും വ്യത്യസ്തവുമാണ് രണ്ടാംമുഖത്തിലെ എൻറെ കഥാപാത്രം സുനിത. വളരെ സംഘർഷഭരിതമാണ് ആ കഥാപാത്രത്തിൻറെ ജീവിതം. ഒരു കരുത്തുറ്റ സ്ത്രീകഥാപാത്രം. അഭിനയ സാധ്യതകൾ പരമാവധി ഞാൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ രണ്ടാം മുഖത്തിലെ എൻറെ കഥാപാത്രത്തിനെ പ്രേക്ഷകർ സ്വീകരിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ടെന്നും മറീന മൈക്കിൾ പറഞ്ഞു

യു കമ്പനിയുടെയും കണ്ടാ ഫിലിംസിൻറെയും ബാനറിൽ കെ ടി രാജീവും കെ ശ്രീ വർമ്മയും സംയുക്തമായി നിർമ്മിക്കുന്ന ചിത്രമാണ് രണ്ടാംമുഖം.കെ.ശ്രീവർമ്മ തിരക്കഥ എഴുതി കഷ്ണജിത്ത് എസ് വിജയനാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. മണികണ്ഠൻ ആചാരിയാണ് കേന്ദ്ര കഥാപാത്രം. താരത്തിൻറ ഏറെ അഭിനയസാധ്യതയുള്ള ചിത്രംകൂടിയാണ് രണ്ടാം മുഖം. മറീന മൈക്കിളും അഞ്ജലി നായരുമാണ് ചിത്രത്തിലെ മറ്റ് രണ്ട് കേന്ദ്ര കഥാപാത്രങ്ങളെയും അവതരിപ്പിക്കുന്നത്.

ഏറെ സാമൂഹ്യപ്രസക്തിയുള്ള പ്രമേയമാണ് രണ്ടമൂഴം ചർച്ച ചെയ്യുന്നത്. സോഷ്യൽ പൊളിറ്റിക്സ് വളരെ കത്യതയോടെ ആവിഷ്ക്കരിക്കുന്ന പുതുമ കൂടി ഈ ചിത്രത്തിനുണ്ട്. രണ്ട് വ്യക്തിത്വങ്ങളുടെ കഥയാണ് സിനിമയുടെ ഇതിവത്തം. നാട്ടിൻപുറത്തിൻറെ നയും വിശുദ്ധിയുമൊക്കെ ഒപ്പിയെടുക്കുന്ന ഈ സിനിമ ഒരു സമ്പൂർണ്ണ റിയലിസ്റ്റിക് മൂവി തന്നെയാണ് സസ്പെൻസും ത്രില്ലുമൊക്കെ സിനമയുടെ മറ്റൊരു പുതുമയാണ്. നിത്യജീവിതത്തിലെ വൈകാരിക മുഹൂർത്തങ്ങളിലൂടെ രണ്ടാം മുഖം പ്രക്ഷകരുടെ സ്വന്തം അനുഭവമായി മാറുകയാണ്.ചിത്രം ഉടനെ തിയേറ്ററിലെത്തും.

അഭിനേതാക്കൾ മണികണ്ഠൻ ആചാരി, മറീന മൈക്കിൾ,അഞ്ജലി നായർ,ബിറ്റോ ഡേവിസ്, വിനോദ് തോമസ്, പരസ്പരം പ്രദീപ ്, സൂഫി സുധീർ, കെ ടി രാജീവ്, അമൃത് രാജീവ്, ജിജ സുരേന്ദ്രൻ, രേവതി ശാരി. ബാനർ യു കമ്പനി/കണ്ടാ ഫിലിംസ്, നിർമ്മാണം കെ ടി രാജീവ്, കെ ശ്രീവർമ്മ,ക്യാമറ അജയ് പി.പോൾ, ഹുസൈൻ അബ്ദുൾ ഷുക്കൂർ,കഥ, തിരക്കഥ, സംഭാഷണം കെ ശ്രീവർമ്മ., എഡിറ്റിംഗ് ഹരി മോഹൻദാസ്.



# വെള്ളമില്ല; നെൽക്ക്യഷി ഭീഷണിയിൽ

**വടകര:** ജലസേചന പദ്ധതിയുടെ വെള്ളം കിട്ടാത്തതു കൊണ്ട് ചെരണ്ടത്തൂർ ചിറയിലെ 400 ഏക്കറോളം നെൽവയലിലെ കൃഷി പ്രതിസന്ധിയിൽ. വേങ്ങാടിയിലെ മോട്ടർ തകരാർ മൂലം വെള്ളം ഒഴുക്കി വിടാനും ശേഖരിക്കാനും സംവിധാനമില്ലാത്തതു കൊണ്ട് ഇത്തവണ കൃഷി വേണ്ടെന്നു വയ്ക്കുകയും പിന്നീട് പ്രശ്നം പരിഹരിച്ചപ്പോൾ വൈകി വിത്തിടുകയും ചെയ്ത പാടശേഖര സമിതികളാണ് വെള്ളം കിട്ടാതെ പ്രതിസന്ധിയിലായത്.

മണിയൂർ, ചെരണ്ടത്തൂർ വിതരണ കനാലുകൾ വഴി കുറച്ചു ദിവസം വെള്ളം നൽകിയിരുന്നെങ്കിലും കനാൽ പെട്ടെന്ന് അടച്ചതാണ് പ്രശ്നം. അഴിയൂർ ബ്രാഞ്ച് കനാലിലെ പ്രശ്നവും മറ്റു ചില പഞ്ചായത്തുകളിലേക്കു വെള്ളം തിരിച്ചു വിട്ടതും മൂലം ബുദ്ധിമുട്ടിലായത് ചെരണ്ടത്തൂർ ചിറയിലെ കർഷകരാണ്. ചിറ മുഴുവൻ വരണ്ടു കിടക്കുകയാണ്. വേങ്ങാടിയിലെ പമ്പിങ് വീണ്ടും തുടങ്ങിയത് ആശ്വാസമായിട്ടുണ്ട്. ഇപ്പോൾ നാമമാത്രമായ തോതിലാണ് വെള്ളം എത്തുന്നത്.

4 ദിവസം തുടർച്ചയായി വെള്ളം എത്തിയാൽ മാത്രമേ കൃഷി സംരക്ഷണത്തിനു പറ്റുന്ന തരത്തിലാവൂ. ഇല്ലെങ്കിൽ കുതിർന്ന ഭാഗം പോലും വരണ്ടു പോകാൻ സാധ്യതയുണ്ടെന്നു കർഷകർ പറയുന്നു. ചിറയിൽ സാധാരണ ഡിസംബറിൽ തുടങ്ങുന്ന പുഞ്ചക്ക്യഷിക്ക് ഇത്തവണ ഫെബ്രുവരിയിലാണ് വിത്തിട്ടത്. അന്നും വെള്ളമായിരുന്നു പ്രശ്നം. ഏപ്രിൽ കഴിഞ്ഞ് വിളവെടുക്കേണ്ട നെൽക്ക്യഷിയാണിത്. പ്രദേശത്തെ 5 പാടശേഖര സമിതിയും സംയുക്ത സമിതിയും പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് അധികൃതരെ കണ്ടു.

# റോഡ് നവീകരണം പുരോഗമിക്കുന്നു

**മണ്ണാർക്കാട് :** മണ്ണാർക്കാട്, കോങ്ങാട് ടിപ്പു സുൽത്താൻ റോഡ് നവീകരണം പുരോഗമിക്കുന്നു. 10 കിലോമീറ്റർ റോഡ് ടാറിങ് പൂർത്തിയായി. കോങ്ങാട്, കടമ്പഴിപ്പുറം, കാരാകുർശ്ശി, മണ്ണാർക്കാട് നഗരസഭ പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന 17 കിലോമീറ്റർ റോഡ് നവീകരണത്തിന് 56 കോടി രുപയാണ് കിഫ്ബി അനുവദിച്ചത്.

2021 ജൂലൈയിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് നിർമാണോദ്ഘാടനം നടത്തിയെങ്കിലും സാങ്കേതിക തടസ്സം കാരണം പ്രവൃത്തി ആരംഭിക്കാൻ വൈകി. 2022 ജൂലൈയിൽ ആരംഭിച്ച പ്രവൃത്തി ദ്രുതഗതിയിലാണു പുരോഗമിക്കുന്നത്. കോങ്ങാട് മുതൽ കിളിരാനി കോലാനി വരെയുള്ള 10 കിലോമീറ്റർ ബിഎം പൂർത്തിയായി. കോലാനി മുതൽ പള്ളിക്കുറുപ്പ് വരെയുള്ള ഭാഗത്തെ ബിഎം പ്രവൃത്തികൾ മാർച്ചിൽ പൂർത്തിയാക്കും.

കൊന്നക്കോട് മുതൽ മണ്ണാർക്കാട് വരെയുള്ള ഭാഗത്തെ കലുങ്കുകളുടെ ജോലി പുരോഗമിക്കുന്നുണ്ട്. കോങ്ങാട് മുതൽ കൊന്നക്കോട് വരെയുള്ള ഭാഗത്ത് റോഡിന് ആവശ്യമായ വീതി കണ്ടെത്തുന്നതിന് പഞ്ചായത്തുകളും എംഎൽഎയും പൊതുപ്രവർത്തകരും കൂട്ടായി പ്രവർത്തിച്ചതിന്റെ ഫലമായി സ്ഥലമെടുപ്പ് എളുപ്പമായി.

കൊന്നക്കോട് മുതൽ മണ്ണാർക്കാട് ടൗൺ വരെ വീതി കുറഞ്ഞ ഭാഗങ്ങളിൽ സ്ഥലമെടുത്ത് വീതി കൂട്ടാൻ ബന്ധപ്പെട്ടവർ തയാറാവണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

ടിപ്പു സുൽത്താൻ റോഡ് ആരംഭിക്കുന്ന മണ്ണാർക്കാട് ടൗൺ മുതൽ പാറപ്പുറം വരെ റോഡിനു വീതി വളരെ കുറവാണ്. വലിയ വാഹനത്തിന് തിരിഞ്ഞു കയറാൻ മതിയായ വീതി ടിപ്പു സുൽത്താൻ റോഡ് ജംക്ഷനിൽ വീതിയില്ല.



# ലൈംഗിക ചൂഷണം: കുട്ടികൾക്ക് ശരിയായ ബോധവൽക്കരണം നൽകണം: ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്



**കൊച്ചി:** കുട്ടികൾക്കെതിരെ നടക്കുന്ന ലൈംഗിക ചൂഷണങ്ങളെക്കുറിച്ച് പലപ്പോഴും അവർക്ക് അറിവില്ലെന്ന് ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് പറഞ്ഞു. കുട്ടികളുടെ അവകാശങ്ങൾ, കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികൾക്കിടയിൽ തന്നെ ശരിയായ ബോധവൽക്കരണം നൽകണമെന്നും ജസ്റ്റിസ് പറഞ്ഞു. പോക്സോ ആക്ട് 2012 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ ഡോക്ടർമാർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കും സംഘടിപ്പിച്ച ഏകദിന പരിശീലനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ജസ്റ്റിസ്.പ്രായ വ്യത്യാസം ഇല്ലാതെ നിരവധി ലൈംഗിക ചൂഷണ കേസുകളാണ് റിപ്പോർട്ട് ചെയ്യുന്നത്. രണ്ട് വയസ് മുതൽ 79 വയസ് വരെ പ്രായമുള്ള സ്ത്രീകൾ പീഡനത്തിനിരയാകുന്നുണ്ടെന്നും ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് പറഞ്ഞു. ലൈംഗിക ചൂഷണങ്ങളെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഒരു മിനിറ്റ് ദൈർഘ്യമുള്ള പരസ്യ ചിത്രങ്ങൾ എല്ലാ ദിവസവും ചാനലുകളിലും സമൂഹമാധ്യമങ്ങളിലും പ്രചരിപ്പിക്കുന്നത് കൂടുതൽ പ്രയോജനം ചെയ്യുമെന്നും ജസ്റ്റിസ് പറഞ്ഞു.പോക്സോ അതിജീവിതരായ കുട്ടികളുടെ വൈദ്യ പരിശോധന വേളയിൽ ഡോക്ടർമാർ പാലിക്കേണ്ട നടപടിക്രമങ്ങൾ (മെഡിക്കൽ ലീഗൽ പ്രോട്ടോകോൾ) എന്ന വിഷയത്തെക്കുറിച്ച് ചീഫ് കൺസൾട്ടന്റ് ഫോറൻസിക് മെഡിസിൻ ആൻഡ് പോലീസ് സർജൻ ഡോ പി.ബി ഗുജറാൾ ക്ലാസുകൾ നയിച്ചു. ഇന്ത്യൻ എവിഡൻസ് ആക്ട് പോക്സോ ആക്ട് എന്ന വിഷയത്തെക്കുറിച്ച് റിട്ട. ജസ്റ്റിസ് കെ എബ്രഹാം മാത്യു, പോക്സോ ആക്ട് 2012 എന്ന വിഷയത്തെക്കുറിച്ച് സ്പെഷ്യൻ പോക്സോ കോടതി ജില്ലാ ജഡ്ജ് കെ.സോമൻ എന്നിവരും ക്ലാസ് നയിച്ചു. ഹോട്ടൽ അബാദ് പ്ലാസയിൽ നടന്ന പരിശീലന പരിപാടിയിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി മനോജ് കുമാർ അധ്യക്ഷത വഹിച്ചു. പോക്സോ നോഡൽ ഓഫീസർ റിട്ട. സബ് ജഡ്ജ് എം.ആർ ശശി, ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ടി.എ ഷാജി, അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ഗിരീഷ് പഞ്ചു, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ മനോജ് കെ ജോൺ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മെമ്പന്മാരായ ബി.ബബിത ബൽരാജ്, റെനി ആന്റണി, പി.പി ശ്യാമള ദേവി, എൻ.സുനന്ദ, ടി.സി ജലജ മോൾ, സി.വിജയകുമാർ എന്നിവർ പങ്കെടുത്തു.

# ട്രാൻസ്ജെൻഡർ സൗഹൃദപര കേരളം: കോളേജ് വിദ്യാർഥികൾക്ക്ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു



കൊച്ചി: സമൂഹത്തിൽ അന്തസോടെ ജീവിക്കാൻ എല്ലാ അവകാശങ്ങളും ഉള്ളവരാണ് ട്രാൻസ്ജെൻഡർ വിഭാഗമെന്ന് അഡീഷണൽ ജില്ലാ ജഡ്ജിയും കെൽസ( കേരള സ്റ്റേറ്റ് ലീഗൽ സർവീസ് അതോറിട്ടി) മെമ്പർ സെക്രട്ടറിയുമായ കെ.ടി നിസാർ അഹമ്മദ് പറഞ്ഞു. ട്രാൻസ്ജെൻഡർ സൗഹൃദപരമായ കേരളം വിഭാവനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ട്രാൻസ്ജെൻഡർ ക്ഷേമം എന്ന വിഷയത്തിൽ കോളേജ് വിദ്യാർഥികൾക്കുള്ള ബോധവത്കരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെ നേതൃത്വത്തിൽ മഹാരാജാസ് കോളേജ്, സെന്റ് ആൽബർട്ട്സ് കോളേജ്, രാജഗിരി കോളേജ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലായിരുന്നു ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചത്. എറണാകുളം മഹാരാജാസ് കോളേജിൽ സംഘടിപ്പിച്ച ചടങ്ങിൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ.ബിന്ദു ശർമ്മിള അധ്യക്ഷത വഹിച്ചു. ട്രാൻസ്ജെൻഡേഴ്സിന്റെ അവകാശ സംരക്ഷണത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ അഡ്വ. സന്ധ്യ രാജു ക്ലാസ് നയിച്ചു. ട്രാൻസ്ജെൻഡർ ആക്റ്റീവിസ്റ്റുകളായ സ്വീറ്റി ബെർനാർഡ്, നിവേദ് ആന്റണി, ലുലു സഫീസത്ത് എന്നിവർ സമൂഹത്തിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ അനുഭവങ്ങളിലൂടെ വിശദീകരിച്ചു.ജില്ലാ സാമൂഹ്യനീതി ഓഫീസർ കെ.കെ. ഉഷ, മഹാരാജാസ് കോളേജ് എൻ.എസ്.എസ് കോ ഓഡിനേറ്റർമാരായ ഷാജു മാത്യു, ഡോ.മെർളി മോൾ ജോസഫ്, സെന്റ് ആൽബർട്ട്സ് കോളേജ് അസോസിയേറ്റ് പ്രൊഫസർ കൃപ മരിയ, സീനിയർ സൂപ്രണ്ട് എം.വി. സ്മിത എന്നിവർ പങ്കെടുത്തു.

# തൊഴിൽ മേളകൾ വഴി 96,792 പേർക്ക്തൊഴിൽ ലഭിച്ചു: മന്ത്രി വി. ശിവൻകുട്ടി

**കൊച്ചി:** തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന തൊഴിൽ മേളകൾ വഴി സംസ്ഥാനത്ത് 96,792 പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. തൊഴിൽ വകുപ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സംഘടിപ്പിക്കുന്ന നിയുക്തി 2023 മെഗാ ജോബ് ഫെയർ സംസ്ഥാനതല ഉദ്ഘാടനം കളമശ്ശേരി ഗവ. പോളിടെക്നിക്കിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.വിദ്യാസമ്പന്നരായ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരമെന്ന നിലയിലാണ് സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന 'നിയുക്തി' മെഗാ ജോബ് ഫെയർ സംഘടിപ്പിക്കുന്നത്. തൊഴിൽദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേവേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് തൊഴിൽ മേളകൾ നടത്തുന്നതെന്നും മന്ത്രി പറഞ്ഞു.സ്വകാര്യമേഖലയിലെ ഏറ്റവും വലിയ റിക്രൂട്ട്മെന്റ് ഏജൻസിയായി തൊഴിൽ വകുപ്പ് മാറി. ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നേടിക്കൊടുത്തു. ഇടനിലക്കാരില്ലാതെ നേരിട്ട് സൗജന്യമായി സംഘടിപ്പിക്കുന്ന തൊഴിൽ മേളകൾ വഴി തൊഴിൽദാതാക്കൾക്ക് അനുയോജ്യരായവരെ നേരിട്ട് തിരഞ്ഞെടുക്കുന്നതിനും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം തൊഴിൽദായകരുടെ വിവിധ ഒഴിവുകളിലേക്ക് നടത്തുന്ന ഇന്റർവ്യൂവിൽ പങ്കെടുത്ത് അർഹമായ തൊഴിൽ നേടുന്നതിനും അവസരം ലഭിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.യോഗത്തിൽ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് അധ്യക്ഷത വഹിച്ചു.

## സാക്ഷരതാ സംഗമം

**കൊച്ചി:** ജില്ലാ പഞ്ചായത്തിലെ 2022 2023 വർഷത്തെ സാക്ഷരതാ സംഗമം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിതാ റഹീം ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടന്ന ചടങ്ങിൽ സാക്ഷരതാ മിഷൻ ജില്ലാ കോ ഓഡിനേറ്റർ ദീപ ജെയിംസ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, സെക്രട്ടറി പി. ജി പ്രകാശ്, സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർ എ.ജി ഒലീന, സാക്ഷരതാ മിഷൻ അസി. കോഓഡിനേറ്റർ സുബൈദ തുടങ്ങിയവർ പങ്കെടുത്തു.ഈ വർഷത്തെ സാക്ഷരതാ പഠിതാക്കൾക്കായി ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ അനുവദിച്ചതായി ദീപ ജെയിംസ് അറിയിച്ചു. നൂറോളം പേർ പങ്കെടുത്ത സാക്ഷരതാ സംഗമത്തിൽ മുൻ വർഷത്തെ പഠിതാക്കൾ വിവിധ കലാപരിപാടികളും അവതരിപ്പിച്ചു.

## പി. ജി. സെമിനാർ 27ന് തുടങ്ങും

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം ന്യായവിഭാഗം സംഘടിപ്പിക്കുന്ന പി.ജി. സെമിനാർ ഇന്ന് ഉച്ചകഴിഞ്ഞ് രണ്ടിന് കാലടി മുഖ്യക്യാമ്പസിൽ ആരംഭിക്കും. പ്രൊഫ. കെ.ഇ. ദേവനാഥൻ (മുൻ വൈസ് ചാൻസലർ, കർണാടക സംസ്കൃത സർവ്വകലാശാല, ബംഗലൂരു), ഡോ. ഒ.ആർ. വിജയരാഘവൻ (സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി, പുറനാട്ടുകര ക്യാമ്പസ്), ഡോ. ഇ.എം. ദേവൻ (ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം), പ്രൊഫ. കെ.ഇ. മധുസൂദനൻ (സെൻട്രൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി, പുറനാട്ടുകര ക്യാമ്പസ്) എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിക്കും. ഡോ. വി.കെ. ഭവാനി, പി.എ. അനുപ്രിയ എന്നിവ!ർ പ്രസംഗിക്കും.

## തൊഴിൽമേള: 289 പേർക്ക് തത്സമയ നിയമനം

**കൊച്ചി:**തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും എംപ്ലോയബിലിറ്റി സെന്ററും സംഘടിപ്പിച്ച 'നിയുക്തി 2023' തൊഴിൽമേളയിൽ 289 ഉദ്യോഗാർത്ഥികൾക്ക് നിയമനം. കളമശേരി ഗവ. പൊളിടെക്നിക് കോളേജിൽ നടന്ന തൊഴിൽമേളയിൽ 3759 ഉദ്യോഗാർഥികളാണ് പങ്കെടുത്തത്. മേളയിൽ തത്സമയ നിയമനം ലഭിച്ചവർക്ക് പുറമേ 1359 പേർ വിവിധ സ്ഥാപനങ്ങളുടെ അന്തിമ പട്ടികയിൽ ഇടം പിടിച്ചു.ഉദ്യോഗാർഥികളെയും തൊഴിൽദായകരെയും ഒരു കുടക്കീഴിൽ അണിനിരത്തി യോഗ്യതയുള്ളവർക്ക് പ്രമുഖ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നിയുക്തി 2023 സംഘടിപ്പിച്ചത്. മേളയിൽ പങ്കെടുത്ത 84 സ്ഥാപനങ്ങളിലായി 5236 ഒഴിവുകളാണ് ഉണ്ടായിരുന്നത്.എഞ്ചിനിയറിംഗ്, ടെക്നോളജി, ഐ.ടി. ആരോഗ്യം, ടൂറിസം, കൊമേഴ്സ്, ബിസിനസ്, ഓട്ടോമൊബൈൽ, വിദ്യാഭ്യാസം, മീഡിയ അഡ്വർടൈസിംഗ്, സെയിൽസ് മാർക്കറ്റിംഗ് തുടങ്ങിയ വിവിധ മേഖലകളിലെ പ്രമുഖ സ്ഥാപനങ്ങളാണ് മികച്ച ഉദ്യോഗാർത്ഥികളെ തേടിയെത്തിയത്

# 9,32,898 വിദ്യാർഥികൾക്ക് സ്കൂൾ തുറക്കും മുൻപ് സൗജന്യ യൂണിഫോം വിതരണം ചെയ്യും : മന്ത്രി വി. ശിവൻകുട്ടി

**കൊച്ചി:** സംസ്ഥാനത്തെ 9,32,898 വിദ്യാർത്ഥികൾക്ക് സ്കൂൾ തുറക്കുന്നതിനും വളരെ മുൻപ് തന്നെ സൗജന്യമായി യൂണിഫോമുകൾ ലഭ്യമാക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. ഏലൂർ മുനിസിപ്പൽ ടൗൺഹാളിൽ നടന്ന സ്കൂൾ കുട്ടികൾക്ക് കൈത്തറി യൂണിഫോം വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഇക്കുറി 4,75,242 ആൺകുട്ടികൾക്കും 4,57,656 പെൺകുട്ടികൾക്കുമാണ് യൂണിഫോം നൽകുന്നത്. ഇതിനായി 42.5 ലക്ഷം മീറ്റർ തുണിയാണ് കൈത്തറി വകുപ്പ് തയ്യാറാക്കി പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത്. തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള വടക്കൻ ജില്ലകളിൽ ഹാൻഡ്‌വീവും എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള തെക്കൻ ജില്ലകളിൽ ഹാൻടെക്സും ആണ് വിതരണം ചെയ്യുന്നതെന്ന് മന്ത്രി പറഞ്ഞു. ഒന്ന് മുതൽ നാലുവരെ ക്ലാസിലുള്ള കുട്ടികളുടെ അക്കാദമിക്ക് ഉന്നമനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കും. എല്ലാത്തരം മത്സരപരീക്ഷകൾക്കും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അക്കാദമിക് മാറ്റങ്ങൾ കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു. അധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി അവധികാലത്ത് റസിഡൻഷ്യൽ പരിശീലനം നൽകും. മുഴുവൻ സ്കൂളുകളിലെയും പി.ടി.എ പ്രസിഡന്റുമാരുടെ യോഗങ്ങൾ സംഘടിപ്പിക്കും. പി.ടി.എയുടെയും എം.പി.ടി.എയുടെയും പ്രവർത്തനങ്ങൾ പരിഷ്കരിക്കും.ലഹരിക്കെതിരെ പോരാട്ടം ശക്തമായി നടത്തുന്നതിനുള്ള



പ്രവർത്തനങ്ങൾ ശക്തമാക്കും. ഇതിനായി അവധിക്കാലത്ത് രക്ഷകർത്താക്കൾക്ക് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിശീലനം നൽകും. പ്ലസ് വൺ പ്രവേശനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഇതിന്റെ റിപ്പോർട്ട് അനുസരിച്ചുള്ള പ്രവർത്തനങ്ങളാകും നടത്തുകയെന്നും മന്ത്രി പറഞ്ഞു.ഏലൂർ ജി.എൽ.പി. സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥി ഗോപീകൃഷ്ണന് യൂണിഫോം നൽകിയായിരുന്നു പദ്ധതി ഉദ്ഘാടനം ചെയ്തത്. ഏലൂർ മുനിസിപ്പൽ ടൗൺഹാളിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷത വഹിച്ചു. കൈത്തറി വ്യവസായത്തെ നിലനിർത്തുന്നതിന് സഹായകരമായ ഏറ്റവും പ്രധാനപ്പെട്ട തീരുമാനമാണ് കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന കൈത്തറി യൂണിഫോം പദ്ധതിയെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. ഇതിനായി 469 കോടി രൂപയാണ് ചെലവഴിച്ചത്. അതിൽ 284 കോടി രൂപയും കൈത്തറി തൊഴിലാളികൾക്ക് ലഭിച്ചു. യൂണിഫോമിന് പുറമേ അടുത്ത അധ്യയന വർഷത്തേക്കുള്ള പുസ്തകവും ഈ അധ്യായന വർഷം വിതരണം ചെയ്യാൻ കഴിഞ്ഞുവെന്ന ചരിത്രനേട്ടം സ്വന്തമാക്കാനും സർക്കാരിന് കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു.പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കെ. ജീവൻ ബാബു, ഏലൂർ നഗരസഭ അധ്യക്ഷൻ എ.ഡി സുജിൽ, ഏലൂർ നഗരസഭ വൈസ് ചെയർപേഴ്സൺ ലീലാ ബാബു, കരുമാലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു, സ്ഥിരം സമിതി അധ്യക്ഷരായ പി.ബി രാജേഷ്, അംബിക ചന്ദ്രൻ, ടി.എം ഷെനിൻ, പി.എ ഷെറീഫ്, കൗൺസിലർമാരായ പി.എം അയ്യൂബ്, എസ്. ഷാജി, ഹാൻവീവ് മാനേജിംഗ് ഡയറക്ടർ അരുണാചലം സുകുമാർ, പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ സി.എ സന്തോഷ്, മുനിസിപ്പൽ സെക്രട്ടറി പി.കെ സുഭാഷ്, ഏലൂർ ജി.എച്ച്.എസ്.എസ് പ്രിൻസിപ്പൽ എ.കെ ഷീന, പി. രുഗ്മിണി തുടങ്ങിയവർ പങ്കെടുത്തു.

## കോഷൻ ഡെപ്പോസിറ്റ് തുക കൈപ്പറ്റണം

**കൊച്ചി:** എറണാകുളം ഗവ. ലോ കോളേജിൽ 201112 അധ്യയന വർഷം മുതൽ 201718 അധ്യയന വർഷം വരെയുള്ള കാലയളവിൽ കോഴ്സുകൾ പൂർത്തിയാക്കിയ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി, എൽ.എൽ.എം വിദ്യാർഥികളിൽ ഇനിയും കോഷൻ ഡെപ്പോസിറ്റ് തുക കൈപ്പറ്റാതെയുള്ളവർ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുളളിൽ തുക കൈപ്പറ്റണമെന്നും അല്ലാത്ത പക്ഷം തുക സർക്കാരിലേക്ക് അടക്കുമെന്നും പ്രിൻസിപ്പൽ അറിയിച്ചു.

## മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പ്രീമിയം അടക്കണം

**കൊച്ചി:** മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും നടപ്പിലാക്കി വരുന്ന മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതിയുടെ 202324 സാമ്പത്തിക വർഷത്തേക്കുള്ള ഒറ്റത്തവണ പ്രീമിയം അടക്കണം.510 രൂപയാണ് പ്രീമിയം തുക. 18 നും 70 ഇടയ്ക്കു പ്രായമുള്ള മത്സ്യത്തൊഴിലാളികൾക്കും മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള സ്വയം സഹായ ഗ്രൂപ്പുകളിലെ അംഗങ്ങൾക്കും സംഘം ജീവനക്കാർക്കും സംഘം ഭരണ സമിതി അംഗങ്ങൾക്കും പദ്ധതിയിൽ ചേരാം. പദ്ധതിയിൽ അംഗങ്ങളായി ചേരുന്നവർക്ക് അപകട മരണം സംഭവിച്ചാൽ ആശ്രിതർക്ക് 10 ലക്ഷം രൂപ ധനസഹായം ലഭിക്കും. ദി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടത്തുന്ന പദ്ധതിയിൽ മാർച്ച് 31 വൈകിട്ട് മൂന്നു വരെ ചേരാമെന്ന് മത്സ്യഫെഡ് മാനേജിങ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0484 2222511, 9526041108, 9526041055 നമ്പറുകളിൽ ബന്ധപ്പെടാം.

## നവകേരളം കർമപദ്ധതിയിൽ ഡാറ്റ അനലിസ്റ്റ് ഒഴിവ്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ നവകേരളം കർമപദ്ധതിയുടെ തിരുവനന്തപുരത്തുള്ള സംസ്ഥാന ഓഫീസിൽ കരാർ അല്ലെങ്കിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു ഡാറ്റാ അനലിസ്റ്റിന്റെ ഒഴിവുണ്ട്. യോഗ്യതകമ്പ്യൂട്ടർ സയൻസിൽ ബി ടെക് ബിരുദം അല്ലെങ്കിൽ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് അല്ലെങ്കിൽ എം.സി.എ.. സമാന തസ്തികയിൽ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് അന്യത്ര സേവന വ്യവസ്ഥയിൽ അപേക്ഷിക്കാം. പ്രായപരിധി 50 വയസ്. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയും ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം അപേക്ഷിക്കണം. അവസാന തീയതി ഏപ്രിൽ 10 . വിലാസംഅഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, നവകേരളം കർമപദ്ധതി, ബി.എസ്.എൻ.എൽ. ഭവൻ മൂന്നാംനില, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം 695001.

# പൊതു ഇടങ്ങൾ ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം : മന്ത്രി പി.രാജീവ്

### പൊതു ഇടങ്ങൾ കുറയുന്നത് സാമൂഹിക സാംസ്കാരിക അന്തരീക്ഷത്തിൽ പ്രതിസന്ധികൾ സൃഷ്ടിക്കും

**കൊച്ചി:** പൊതു ഇടങ്ങൾ ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. ഗ്രന്ഥശാലകൾക്ക് ഒപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായി ഗ്രന്ഥശാലകൾക്കുള്ള പുസ്തകങ്ങളും കമ്പ്യൂട്ടറുകളും വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം.പൊതു ഇടങ്ങൾ കുറയുന്നത് പൊതുവായ സാമൂഹിക സാംസ്കാരിക അന്തരീക്ഷത്തിൽ പല പ്രതിസന്ധികളും സൃഷ്ടിക്കും. ഇത് തടയുക എന്ന കാഴ്ചപ്പാട് മുന്നിൽ കണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. മണ്ഡലത്തിലെ മുഴുവൻ ഗ്രന്ഥശാലകളെയും ഡിജിറ്റൽ ആക്കാനുള്ള പ്രവർത്തനങ്ങളുടെ തുടക്കമാണിത്. എല്ലാ ഗ്രന്ഥശാലകളിലും ഒപ്പം കോർണറുകൾ ഒരുക്കണം. വരും വർഷങ്ങളിലും കൂടുതൽ പുസ്തകങ്ങൾ നൽകും. എല്ലാ മാസവും യുവജനങ്ങളെ ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ള പുസ്തക ചർച്ചകൾ സംഘടിപ്പിക്കണം. ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനായി എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്നും മന്ത്രി പറഞ്ഞു. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ മിനിഹാൾ സെമിനാർ കോംപ്ലക്സിൽ സംഘടിപ്പിച്ച പരിപാടിയിൽ കുസാറ്റ് പ്രോ വൈസ് ചാൻസലർ പി.ജി ശങ്കരൻ അധ്യക്ഷത വഹിച്ചു. ചാറ്റ്




ലൈബ്രറിയിൽ ഡോ. സി. വീരാൻകുട്ടി, എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി എം.ആർ സുരേന്ദ്രൻ, സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗം അഡ്വ. കെ.എൻ മോഹനചന്ദ്രൻ, പറവൂർ താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി പി.കെ രമാദേവി, കണയന്നൂർ താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി ഡി.ആർ രാജേഷ്, തൃക്കാക്കര കേസരി സ്മാരക സൗഹൃദയ ഗ്രന്ഥശാല പ്രസിഡന്റ് ഡോ. എ. വിജയകുമാർ, പറവൂർ താലൂക്ക് ലൈബ്രറി കൗൺസിൽ ജോയിന്റ് സെക്രട്ടറി ടി.വി ഷൈവിൻ തുടങ്ങിയവർ പങ്കെടുത്തു.കളമശേരി മണ്ഡലത്തിലെ 24 ഗ്രന്ഥശാലകളിലേക്കായി നാല് ലക്ഷം രൂപയുടെ പുസ്തകങ്ങളാണ് വിതരണം ചെയ്തത്. ഇതോടൊപ്പം പത്ത് ഗ്രന്ഥശാലകൾക്ക് കെൽട്രോണുമായി സഹകരിച്ച് കമ്പ്യൂട്ടറും പ്രിന്ററും നൽകി. ഉദ്ഘാടന ചടങ്ങിന് ശേഷം പരിശീലന പരിപാടിയും സംഘടിപ്പിച്ചിരുന്നു.

# ഇൻഡസ് ടവേഴ്സ് ആംബുലൻസ് വാൻ സഹയാത്രയ്ക്ക്




**പാലക്കാട്:** ഭിന്നശേഷിക്കാരുടെ ജീവൽ പ്രശ്നങ്ങളിൽ ക്രിയാത്മകമായ ഇടപടലുകൾ നടത്തുന്ന സഹയാത്ര ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഇൻഡസ് ടവേഴ്സ് ആംബുലൻസ് വാൻ സംഭാവന ചെയ്തു. മന്ത്രി എം.ബി.രാജേഷ് സഹയാത്ര പ്രസിഡന്റ് വി.വി.ബാലകൃഷ്ണന് ആംബുലൻസ് താക്കോൽ കൈമാറി. ഇൻഡസ് ടവേഴ്സ് കേരള സർക്കിൾ സിഇഒ നിസാർ മുഹമ്മദ് ചടങ്ങിൽ സംബന്ധിച്ചു.സമൂഹത്തിന് എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച സാധ്യമാക്കാൻ കഴിയണം. ഭിന്നശേഷിയുള്ളവർക്ക് തടസ്സമാവാത്ത തരത്തിൽ എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാണെന്ന് നാം ഉറപ്പ് വരുത്തണം, എം..ബി.രാജേഷ് പറഞ്ഞു. എന്നാൽ സർക്കാർ ഇടപെടുകൾ മാത്രം മതിയാവുന്ന മേഖലയല്ലിത്. പൊതു സമൂഹം ചേർത്തു നിർത്തി മുഖ്യധാരയിലേക്ക് കൊണ്ടു വരേണ്ടതുണ്ട്. ഇവിടെയാണ് സഹയാത്ര പോലുള്ള സന്നദ്ധ സംഘടനകളുടെ പ്രസക്തമാവുന്നതെന്ന് എം..ബി.രാജേഷ് പറഞ്ഞു. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, തൊഴിൽ പരിശീലനം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങി ഭിന്നശേഷിയുള്ളവർക്കായി വിവിധ മേഖലകളിൽ സഹയാത്ര നടത്തുന്ന സേവനങ്ങൾക്ക് ഒരു പിന്തുണയായാണ് ആംബുലൻസ് നൽകുന്നതെന്ന് ഇൻഡസ് ടവേഴ്സ് ഇൻഡസ് ടവേഴ്സ് കേരള സർക്കിൾ സിഇഒ നിസാർ മുഹമ്മദ് പറഞ്ഞു. പേഷ്യന്റ് കംപാർട്ട്മെന്റ് എൽഇഡി ലൈറ്റുകൾ, റൂഫ് ലൈറ്റ് ബീക്കൺ, പബ്ലിക് അഡ്രസ് സിസ്റ്റം/സൈറണോടുകൂടിയ പിഎ സിസ്റ്റം), ഒരു ഓട്ടോലോഡർ സ്ട്രെച്ചർ, ഒമ്പത് സ്ക്വാഡ് ബെഞ്ചുകൾ എന്നിവ വാനിൽ സജ്ജീകരിച്ചിട്ടുണ്ട്.ഇൻഡസ് ടവേഴ്സിന്റെ തന്നെ ഇംപാക്ട് ഗുരു ഫൗണ്ടേഷൻ വഴിയാണ് ഈ സി.എസ്.ആർ സംരംഭം നടപ്പിലാക്കിയിരിക്കുന്നത്. മുമ്പ്, ഇതേ സിഎസ്ആർ സംരംഭത്തിന്റെ ഭാഗമായി, മുംബൈ, കൊൽക്കത്ത, അഹമ്മദാബാദ്, ബറേലി എന്നിവിടങ്ങളിലെ പൊതുജനാരോഗ്യ വകുപ്പുകൾക്ക് ആംബുലൻസ് വാനുകൾ കൈമാറിയിരുന്നു.ചടങ്ങിനോടനുബന്ധിച്ച് സഹയാത്ര പ്രസിഡന്റ് വി.വി.ബാലകൃഷ്ണനെ തൃത്താല പൗരാവലി അനുമോദിച്ചു.

# കഠിന കഠോരമി അണ്ഡകടാഹം: വീഡിയോ ഗാനം റിലീസായി




**കൊച്ചി:** ജയ ജയ ജയ ഹേ എന്ന ചിത്രത്തിന് ശേഷം ബേസിൽ ജോസഫ് നായകനാകുന്ന 'കഠിന കഠോരമീ അണ്ഡകടാഹം' പെരുന്നാൾ റിലീസായി തിയേറ്ററുകളിലേക്കെത്തും. നൈസാം സലാം പ്രൊഡക്ഷൻസിന്റെ ബാനറിൽ മുഹാഷിൻ സംവിധാനം ചെയ്യുന്ന ചിത്രത്തിലെ വീഡിയോ ഗാനം പുറത്തുവിട്ടിരിക്കുകയാണ് അണിയറപ്രവർത്തകർ. 'ഇൻഷാ അള്ളാ' എന്ന വീഡിയോ ഗാനമാണ് റിലീസ് ചെയ്തത്. ഷറഫുന്റെ വരികൾക്ക് ഗോവിന്ദ് വസന്തയാണ് സംഗീതം നൽകിയിരിക്കുന്നത്. നൈസാം സലാം നിർമ്മിക്കുന്ന ചിത്രത്തിൽ പുഴു, ഉണ്ട എന്നീ ചിത്രങ്ങളുടെ രചന നിർവഹിച്ച ഹർഷത് കഥയും തിരക്കഥയും നിർവഹിക്കുന്നു.അർജുൻ സേതു, എസ്.മുണ്ടോൾ എന്നിവർ ക്യാമറ കൈകാര്യം ചെയ്യുന്ന ചിത്രത്തിന്റെ എഡിറ്റിങ് സോബിൻ സോമൻ ആണ്. ഗോവിന്ദ് വസന്ത സംഗീത സംവിധാനം നിർവഹിക്കുന്ന സിനിമയിലെ ഗാനങ്ങൾ രചിച്ചിരിക്കുന്നത് മു.രി, ഷറഫു എന്നിവരാണ്.ചിത്രത്തിന്റെ എക്സിക്യൂട്ടിവ് പ്രൊഡ്യൂസർ വിനീഷ് വർഗീസ്, ലൈൻ പ്രൊഡ്യൂസർ ഷിനാസ് അലി എന്നിവരാണ്. പ്രോജക്ട് ഡിസൈനർ ടെസ്സ് ബിജോയ്, ആർട്ട് ഡയറക്ഷൻ ബനിത് ബത്തേരി, പ്രൊഡക്ഷൻ കൺട്രോളർ ഹരി കാട്ടാക്കട, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ അനീഷ് ജോർജ്, മേക്കപ്പ് സുധി സുരേന്ദ്രൻ, വസ്ത്രാലങ്കാരം അസീം അഷ്റഫ്, വിശാഖ് സനൽകുമാർ, ഫിനാൻസ് കൺട്രോളർ സന്തോഷ് ബാലരാമപുരം, സ്റ്റിൽസ് ഷിജിൻ പി രാജ് എന്നിവരാണ്. കേരളത്തിൽ രജപുത്രാ ഫിലിംസും ഓവർസീസ് പാർസ് ഫിലിംസും ചിത്രം വിതരണത്തിനെത്തിക്കുന്നു. പി ആർ ഓ പ്രതീഷ് ശേഖർ.

# എന്റെ കേരളം 2023 മെഗാ പ്രദർശനം: പവലിയൻ നിർമ്മാണം ആരംഭിച്ചു

- പവലിയൻ നിർമ്മാണം എറണാകുളം മറൈൻഡ്രൈവിൽ
- മേള ഏപ്രിൽ ഒന്നു മുതൽ ഏഴ് വരെ

കൊച്ചി: സംസ്ഥാന സർക്കാരിന്റെ വികസന നേട്ടങ്ങളും ക്ഷേമ പദ്ധതികളും ജനങ്ങളിലേക്ക് എത്തിക്കുന്ന എന്റെ കേരളം2023 മെഗാ പ്രദർശനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. എറണാകുളം മറൈൻഡ്രൈവിൽ പവലിയൻ നിർമ്മാണം ആരംഭിച്ചു. ഇതുവരെയുള്ള പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അവലോകനം ചെയ്തു. ഏപ്രിൽ ഒന്നിന് വൈകിട്ട് ഏഴിന് എറണാകുളം മറൈൻഡ്രൈവിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, മേയർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.ഏപ്രിൽ ഒന്നു മുതൽ ഏഴ് വരെ മറൈൻഡ്രൈവിൽ വിപണന പ്രദർശന, ഭക്ഷ്യകലാ മേളയാണ് സംഘടപ്പിച്ചിരിക്കുന്നത്. കേരളം ഒന്നാമതെത്തിയ നേട്ടങ്ങളുടെ പ്രദർശനം, ടൂറിസം നേട്ടങ്ങൾ, സർക്കാരിന്റെ സേവനങ്ങളും പദ്ധതികളും അവതരിപ്പിക്കുന്ന സ്റ്റാളുകൾ, യുവാക്കൾക്ക് സേവനം നൽകുന്ന യൂത്ത് സെഗ്മെന്റ്, വിദ്യാഭ്യാസ, തൊഴിൽ, കിഫ്ബി ബ്ലോക്കുകളും വിപണന മേളയും പ്രദർശനത്തിൽ ഉണ്ട്. പ്രത്യേക ഫുഡ് കോർട്ടും ഏഴു ദിവസവും കലാ പരിപാടികളും ഉണ്ടാകും. കുട്ടികൾക്കായി പ്രത്യേക സ്പോർട്സ് ആക്ടിവിറ്റി ഏരിയയും സജ്ജമാക്കും.യോഗത്തിൽ ജില്ലാ വികസന കമ്മീഷണർ ചേതൻ കുമാർ മീണ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്.ഷാജഹാൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ നിജാസ് ജുവൽ, ഹുസൂർ ശിരസ്തദാർ അനിൽകുമാർ മേനോൻ ,വിവിധ വകുപ്പ് ജില്ലാതല മേധാവികൾ, തഹസിൽദാർമാർ തുടങ്ങിയവർ പങ്കെടുത്തു.



# ഓട്ടോമാറ്റിക് ഇലക്ട്രിക് പിക് അപ്പ് വാഹനം നൽകി



**കളമശ്ശേരി.;** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലേക് ഓട്ടോമാറ്റിക് ഇലക്ട്രിക് പിക് അപ്പ് വാഹനനം നൽകി ഐ. സി. ഐ. സി ബാങ്ക് കളമശ്ശേരി ബ്രാഞ്ച്.ഹോസ്പിറ്റലിലെ മാലിന്യ നിർമാർജന യൂണിറ്റ്ലേക് യഥാക്രമം വിവിധ വാർഡുകളിൽ നിന്നും മാലിന്യം എടുത്ത് യൂണിറ്റിലേക് എത്തിക്കുന്നതിനു വേണ്ടിയാണു ഈ വാഹനം ഉപയോഗിക്കുന്നത്. നാളിതുവരെ പുറത്തു നിന്നും വാഹനം കൊണ്ടുവന്നാണ് മാലിന്യം നീക്കം ചെയ്തിരുന്നത്. ദിവസത്തിൽ മൂന്ന് തവണ ഓരോ വാർഡിൽ നിന്നും മാലിന്യം ശേഖരിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ പുറത്തുനിന്നും വാഹനം വിളിച്ച് മാലിന്യമെടുക്കൽ ചിലവേറിയതായിരുന്നു.ബാങ്കിന്റെ സ്പോൺസർ ഷിപ്പിൽ 4.5 ലക്ഷം രൂപ വിലവരുന്ന വാഹനത്തിന്റെ താക്കോൽ മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ ഐ സി ഐ സി ബാങ്ക് റീജിയണൽ ഹെഡ് വീനീത് വിജയനിൽ നിന്നും ഏറ്റുവാങ്ങി . ഗവണ്മെന്റ് ബാങ്കിംഗ് റീജിയണൽ ഹെഡ് ആന്റണി റോണി ഡിസിൽവ, ബാങ്ക് മാനേജർ സമീർ ബഷീർ മെഡിക്കൽ കോളേജ് സെക്യൂരിറ്റി ഓഫീസർ എൻ. എസ് ശ്രീകുമാർ, ഹെൽത് ഇൻസ്പെക്ടർ ജോൺ ഏൽപ്പിസ്റ്റൺ, മുഹമ്മദ് ഷഫീക്, സജീന എന്നിവർ സന്നിഹിതരായിരുന്നു.

# പുതിയ അന്താരാഷ്ട്ര മാധ്യമക്രമം അനിവാര്യം: മുഖ്യമന്ത്രി




കൊച്ചി: വികസ്വര രാജ്യങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ഒരു പുത്തൻ അന്താരാഷ്ട്ര മാധ്യമക്രമം ഉണ്ടാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മലയാള മാധ്യമപ്രവർത്തനത്തിന്റെ 175ാം വാർഷികാഘോഷത്തിന്റെ ഭാഗമായി കേരള മീഡിയ അക്കാദമിയും ന്യൂസ് ലോൺഡ്രി, ന്യൂസ് മിനുട്ട്, കോൺഫ്ളൂവൻസ് മീഡിയ എന്നീ മാധ്യമസ്ഥാപനങ്ങളും കേരള പത്രപ്രവർത്തക യൂണിയനും സഹകരിച്ച് സംഘടിപ്പിക്കുന്ന ആഗോള മാധ്യമോത്സവമായ ഗ്ലോബൽ മീഡിയ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. മലയാള മാധ്യമപ്രവർത്തനം ആരംഭിച്ചിട്ട് 175 വർഷമാകുന്നത് ഓർമ്മിപ്പിക്കും വിധം 175 ദിവസം നീണ്ടുനിൽക്കുന്ന മാധ്യമോത്സവം നടക്കുന്നത് അങ്ങേയറ്റം ഔചിത്യ പൂർണ്ണമായ കാര്യമാണ്. ഗ്ലോബൽ സൗത്ത് എന്ന പേരിൽ തന്നെ തമസ്കരിക്കപ്പെടുന്ന വികസ്വര രാജ്യങ്ങളിലെ മാധ്യമപ്രവർത്തനത്തിന്റെ ആഘോഷത്തിന്റെ സന്ദേശമുണ്ട്. സാമ്രാജ്യത്വത്തിനും മൂലധനാധിഷ്ഠിതമായ മാധ്യമാധിപത്യത്തിനും എതിരായ ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയ സ്വരൂപം ആ ശീർഷകത്തിലുണ്ട്. മാധ്യമപ്രവർത്തനം സാമ്രാജ്യത്വ കേന്ദ്രീകൃതമാകുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഈ ഘട്ടത്തിൽ ബലി കഴിക്കപ്പെടുന്നത് വികസ്വര രാജ്യങ്ങളുടെ താല്പര്യമാണ്. ആ താൽപര്യങ്ങളെ സംരക്ഷിക്കുന്നതിന് ഒരു പുത്തൻ അന്താരാഷ്ട്ര വാർത്താക്രമം (ഇന്റർനാഷണൽ ഇൻഫോർമേഷൻ ഓർഡർ) ഉണ്ടാകണം. അത്തരമൊരു മാധ്യമ സംസ്കാരം രൂപപ്പെട്ടു വന്നാൽ മാത്രമേ വികസ്വര രാജ്യങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ താല്പര്യങ്ങൾ പരിരക്ഷിക്കാനാവുകയുള്ളൂ. ഇവിടെയാണ് ഈ സമ്മേളനത്തിന്റെ പ്രാധാന്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ലോകത്തെമ്പാടും വാർത്തയെത്തിക്കുന്ന ഏജൻസികളാകെ സാമ്രാജ്യത്വ രാഷ്ട്രങ്ങൾ കേന്ദ്രീകരിച്ചിട്ടുള്ളവയാണ്. സഹോദര സ്ഥാപനങ്ങളായി പടക്കോപ്പ് നിർമ്മാണശാലകളും ഒരേസമയം നടത്തുന്നവർ ഇതിലുണ്ട്. ഒരു വശത്ത് വാർത്തകളിലൂടെ പല രാജ്യങ്ങൾ തമ്മിൽ സംഘർഷങ്ങൾ ഉണ്ടാക്കുകയാണ്. മറുവശത്ത് ഇരുകൂട്ടർക്കും ഒരുപോലെ പടക്കോപ്പ് ലഭ്യമാക്കുകയാണ്.ഇത്തരം ദൂഷിത താൽപര്യങ്ങളാണ് ഇവയിൽ പലതിനെയും നയിക്കുന്നത്. ഇതിന്റെ ഇരയാകുകയാണ് പല വികസ്വര രാഷ്ട്രങ്ങളും. ഗ്ലോബൽ സൗത്ത് എന്ന ആശയത്തിനും അത് മുൻനിർത്തിയുള്ള ആഘോഷത്തിനും വലിയതോതിലുള്ള രാഷ്ട്രീയ പ്രസക്തിയാണുള്ളത്. ഇതിലൂടെ സാമ്രാജ്യത്വ താത്പര്യങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുന്ന നമ്മുടെ ഭാഷകളെയും മാധ്യമങ്ങളെയും സംസ്കാരങ്ങളെയും ആഘോഷിക്കുകയാണ് നാം ചെയ്യുന്നത്. ആഫ്രിക്കയിലെയും ലാറ്റിനമേരിക്കയിലേയുമടക്കമുള്ള മാധ്യമ സംസ്കാരങ്ങളെ ലോകസമക്ഷം ഉയർത്തിക്കാട്ടുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഒഴുക്കിനെതിരേ നീങ്ങുന്ന മാധ്യമ പ്രവർത്തനം ഭീഷണി നേരിടുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. അന്വേഷണാത്മക മാധ്യമ പ്രവർത്തനത്തിന്റെ ശക്തമായ പാരമ്പര്യമുള്ള നാടാണ് കേരളം. അച്ചടി, ടെലിവിഷൻ, ഡിജിറ്റൽ മാധ്യമങ്ങൾ ഉൾപ്പെടെ നമുക്കിന്ന് വൈവിദ്ധ്യമുള്ള മാധ്യമ പരിസരമാണ് ഉള്ളതെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഏതെങ്കിലും രാജ്യത്തോ ഭൂഖണ്ഡങ്ങളിലോ മാത്രം ഒതുങ്ങുന്നവരല്ല മാധ്യമ പ്രവർത്തകർ. അതൊരു ആഗോള പ്രതിഭാസമാണ്. മാധ്യമപ്രവർത്തന മേഖല ചരിത്രപരമായ വെല്ലുവിളികളെയാണ് നേരിടുന്നത്. ഈ വെല്ലുവിളികളെ നേരിടുന്നതിനോടൊപ്പം തന്നെ സ്വയം വിമർശനപരമായി കാര്യങ്ങളെ കാണുകയും വേണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. വടക്കുതെക്ക് വ്യത്യാസം നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നിരിക്കുകയാണ്. നമ്മുടെ പോരാട്ടം വിരലിലെണ്ണാവുന്നവർക്ക് വേണ്ടി മാത്രമുള്ളതല്ല, മാനവരാശിക്ക് ആകെ വേണ്ടിയുള്ളതാണ്.ആഗോള വടക്ക് (ഗ്ലോബൽ നോർത്ത്) എന്ന സങ്കല്പത്തെ മാത്രം ഊന്നിയുള്ളതായിരുന്നു കാലങ്ങളായി ലോകമാധ്യമപ്രവർത്തനം. മാധ്യമങ്ങളുടെ കൊളോണിയൽസാമ്രാജ്യത്വ സങ്കല്പങ്ങളിൽ ഊന്നിയാണ് തലമുറകൾ വളർന്നു വന്നത്. ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലെ ഭാഷകളുടെ മഹനീയ പാരമ്പര്യത്തെ അവ അവഗണിക്കുകയായിരുന്നു. ആഗോള തെക്കിന്റെ (ഗ്ലോബൽ സൗത്ത്) ഭാഷകളിൽ മാധ്യമപ്രവർത്തനത്തിന് മികച്ച പാരമ്പര്യമാണുള്ളത്. ഈ സാഹചര്യത്തിലാണ് ആഗോള മാധ്യമോത്സവവും അതിന്റെ മുദ്രാവാക്യമായ കട്ടിംഗ് സൗത്ത് എന്നതും വലിയ പ്രാധാന്യമർഹിക്കുന്നത് മുഖ്യമന്ത്രി പറഞ്ഞു.എറണാകുളം ടൗൺഹാളിൽ നടന്ന മാധ്യമോത്സവത്തിൽ മീഡിയ അക്കാദമി ചെയർമാൻ ആർ.എസ് ബാബു അധ്യക്ഷത വഹിച്ചു. വ്യവസായനിയമ വകുപ്പ് മന്ത്രി പി.രാജീവ് മുഖ്യാതിഥിയായിരുന്നു. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വിശിഷ്ടാതിഥിയായിരുന്നു.കേരള മീഡിയ അക്കാദമിയുടെ മീഡിയ മാഗസിൽ നൽകുന്ന 2022ലെ മീഡിയ പേഴ്സൺ ഓഫ് ദ ഇയർ അവാർഡ് സ്ലോവാക്യൻ ജേണലിസ്റ്റ്പാവ്ല ഹോൾസോവയ്ക്കും, അക്കാദമിയുടെ 2021 22 ലെ ഗ്ലോബൽ ഫോട്ടോഗ്രഫി അവാർഡ് പ്രമുഖ ഇന്ത്യൻ ഫോട്ടോഗ്രഫർ രഘുറായിക്കും, അക്കാദമിയുടെ 2022ലെ ആഗോള മാധ്യമ പുസ്തക പുരസ്കാരം ജോസി ജോസഫിനും മന്ത്രി പി. രാജീവ് സമ്മാനിച്ചു. ഗബ്രിയേൽ ഗാർഷ്യ മാർക്വേസ് ഫൗണ്ടേഷൻ സി.ഇ.ഒ യും ടിവി ജേണലിസ്റ്റുമായജെയ്മെ അബെല്ലോ ബാൻസി (കൊളംബിയ) യും ചടങ്ങിൽ പങ്കെടുത്തു. ദേശാഭിമാനി ജനറൽ മാനേജർ കെ.ജെ തോമസ്, അക്കാദമി മുൻ ചെയർമാൻ തോമസ് ജേക്കബ്, അക്കാദമി എക്സിക്യൂട്ടീവ് അംഗം ബേബി മാത്യു സോമതീരം, കേരള പത്രപ്രവർത്തക യൂണിയൻ ജനറൽ സെക്രട്ടറി ആർ.കിരൺ ബാബു ,അക്കാദമി സെക്രട്ടറി കെ.ജി സന്തോഷ്,ന്യൂസ് മിനിറ്റ് ചീഫ് എഡിറ്റർ ധന്യ രാജേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

# നിയുക്തി 2023 തൊഴിൽമേള: 289 പേർക്ക് തത്സമയ നിയമനം

## 1359 പേർ വിവിധ സ്ഥാപനങ്ങളുടെ അന്തിമ പട്ടികയിൽ ഇടം പിടിച്ചു

**കൊച്ചി:**തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും എംപ്ലോയബിലിറ്റി സെന്ററും സംഘടിപ്പിച്ച 'നിയുക്തി 2023' തൊഴിൽമേളയിൽ 289 ഉദ്യോഗാർത്ഥികൾക്ക് നിയമനം. കളമശേരി ഗവ. പൊളിടെക്നിക് കോളേജിൽ നടന്ന തൊഴിൽമേളയിൽ 3759 ഉദ്യോഗാർഥികളാണ് പങ്കെടുത്തത്. മേളയിൽ തത്സമയ നിയമനം ലഭിച്ചവർക്ക് പുറമേ 1359 പേർ വിവിധ സ്ഥാപനങ്ങളുടെ അന്തിമ പട്ടികയിൽ ഇടം പിടിച്ചു.ഉദ്യോഗാർഥികളെയും തൊഴിൽദായകരെയും ഒരു കുടക്കീഴിൽ അണിനിരത്തി യോഗ്യതയുള്ളവർക്ക് പ്രമുഖ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നിയുക്തി 2023 സംഘടിപ്പിച്ചത്. മേളയിൽ പങ്കെടുത്ത 84 സ്ഥാപനങ്ങളിലായി 5236 ഒഴിവുകളാണ് ഉണ്ടായിരുന്നത്.എഞ്ചിനിയറിംഗ്, ടെക്നോളജി, ഐ.ടി. ആരോഗ്യം, ടൂറിസം, കൊമേഴ്സ്, ബിസിനസ്, ഓട്ടോമൊബൈൽ, വിദ്യാഭ്യാസം, മീഡിയ അഡ്വർടൈസിംഗ്, സെയിൽസ് മാർക്കറ്റിംഗ് തുടങ്ങിയ വിവിധ മേഖലകളിലെ പ്രമുഖ സ്ഥാപനങ്ങളാണ് മികച്ച ഉദ്യോഗാർത്ഥികളെ തേടിയെത്തിയത്






# മാലിന്യ സംസ്കരണം പരിചയപ്പെടുത്തൽ: ഭവന സന്ദർശനങ്ങൾ ആരംഭിച്ചു

**കൊച്ചി** നഗരസഭ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന മാലിന്യ സംസ്കരണ രീതികൾ പരിചയപ്പെടുത്തുന്നതിനായി ഭവന സന്ദർശനങ്ങൾ ആരംഭിച്ചു. ശനിയാഴ്ച രാവിലെ 09 മണിക്ക് എളമക്കര ഭവൻസ് സ്കൂളിന് സമിപത്തു നിന്നും ഭവന സന്ദർശനം മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. മാലിന്യം തരംതിരിക്കുന്നതിൻറെയും, ശാസ്ത്രീയമായി സംസ്കരിക്കുന്നതിൻറെയും പ്രാധാന്യം വിശദീകരിച്ചു് കൊണ്ടുള്ള നോട്ടീസുകളും വിതരണം ചെയ്തു കൊണ്ടാണ് ഭവന സന്ദർശനം നടത്തുന്നത്. പൊതുജന പിന്തുണയോടുകൂടി മാത്രമേ മാലിന്യ സംസ്കരണം ഉദ്ദേശിച്ച രീതിയിൽ വിജയിപ്പിക്കുവാൻ കഴിയുകയുള്ളൂ.കൗൺസിലർമാരുടെ നേതൃത്വത്തിൽ നടക്കുന്ന ഭവന സന്ദർശനത്തിൽ നഗരസഭയുടെ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, എൻ.എസ്.എസ്. വോളണ്ടിയർമാർ, റെസിഡൻറ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങിയവരും പങ്കെടുക്കുന്നുണ്ട്. ഇവർക്കായുള്ള ഓറിയൻറേഷൻ ക്ലാസ്സുകളും പരിശീലനവും ശുചിത്വമിഷൻറെയും, കുടുംബശ്രീ മിഷൻറെയും നേതൃത്വത്തിൽ കഴിഞ്ഞ ദിസങ്ങളിലായി നടന്നിരുന്നു.വരുന്ന ആഴ്ചകളിലായി ഭവന സന്ദർശനത്തിൻറെ രണ്ടാം ഘട്ടവും നടക്കും.